# നാടും കുടുംബവും

# ജീവ ചരിത്രം

ഈ ഖുർആനിനെ അങ്ങേക്ക് ബോധനം നൽകുക വഴി
ഏറ്റവും നല്ല ഒരു ചരിത്രം ഞാൻ നിങ്ങൾക്ക് പറഞ്ഞു തരുന്നു.
( വി. ഖുർആൻ , യൂസുഫ് 03 )

നിശ്ചയം ലോകം കിനാവാണുറങ്ങുവോൻ
നിദ്രയിൽ ദർശിച്ചിടും പോൽ ദിനത്തിന്റെ
അൽപ്പനേരം മാത്രമാണീ നിഴലുകൾ
നിൽക്കില്ലൊരിക്കലും ശാശ്വതം നിശ്ചയം
എത്രയും വേഗം മറഞ്ഞിടും, നിന്നിടാ
പത്രാസിലൊന്നും, അവക്കകത്തുള്ളതും
എല്ലാം നശിക്കും അടയാളമൊക്കെയും
തെല്ലിടക്കുള്ളിലിവിടുന്നങ്ങു നീങ്ങിടും

തന്റെ പ്രിയപ്പെട്ട ഉസ്താദ് കരിങ്കപ്പാറ മുഹമ്മദ് മുസ്ലിയാരുടെ വിയോഗത്തെ തുടർന്ന് ശിഷ്യൻ കൂടിയായ കുണ്ടൂർ ഉസ്താദ് രചിച്ച മർസിയ്യത്തിലെ അർത്ഥം തുടിച്ചുനിൽക്കുന്ന കാവ്യശകലങ്ങൾ. കാലത്തിന്റെ അനിവാര്യ തേട്ടം പോലെ പ്രസക്ത മല്ലാത്ത ഈ ഭൗതികജീവിതത്തിനപ്പുറത്തേക്ക് നടന്നുമറഞ്ഞ ശൈഖുനാ കുണ്ടൂരുസ്താദ് വാക്കിലും വരയിലും നമുക്കിടയിലുണ്ടെന്ന് ഈ ഈരടികൾ നമ്മെയോർമ്മിപ്പിക്കുന്നു. മുക്കാൽ നൂറ്റാണ്ടു നീണ്ട ജീവിതത്തിനപ്പുറം ശൈഖുനാ നടന്ന വഴികൾ, അവിടുത്തെ ഗഹനകാവ്യങ്ങളെപ്പോലെത്തന്നെ നമുക്ക് മുന്നിലുണ്ട്. പണ്ഡിതനായും, ജനസേവകനായും, പ്രവാചകപ്രേമിയാ

യും, കവിയായും, സംഘാടകനായും, അധ്യാപകനായും, ജീവ കാരുണ്യ പ്രവർത്തകനായും, എല്ലാറ്റിനുമപ്പുറം നന്മ വരണ്ട കാല ത്തിന് മുന്നിൽ പകച്ച വിശ്വാസിവൃന്ദത്തിന് കുളിരും തണലും പകർന്ന ആത്മീയ പുരുഷനായും ഒരു പുണ്യജീവിതം ..! യുഗാ ന്തരങ്ങൾക്കിടയിൽ വളരെ അപൂർവ്വം മാത്രം സംഭവിക്കുന്ന പുണ്യ ജന്മങ്ങളിലൊന്നാണ് കുണ്ടൂരുസ്താദിന്റേത്. ജീവിതത്തിന്റെ വളരെ നേർത്തയിഴകളിൽ പോലും ഒരു നിയോഗത്തിന്റെ അട യാളങ്ങൾ ദർശിക്കാം; വിശ്വാസികളിൽ പുലർമഞ്ഞുപോലെ വിശു ദ്ധമായി പൂത്ത ആ ജന്മത്തിൽ.

വലിപ്പമേറുംതോറും ചെറിയവനിലേക്കിറങ്ങിവന്ന ശൈഖു നായെ നോക്കിത്തീർക്കാനും പറഞ്ഞവസാനിപ്പിക്കാനും ആവി ല്ലെന്നുറപ്പുള്ളതോടുകൂടിതന്നെ കഴിയുംവിധം ആ ജീവിതം പകർത്താനാണ് എളിയ ശ്രമം. ഭൗതികാന്ധതയിൽ വഴിതപ്പുന്ന നമുക്ക് തീർച്ചയായും പ്രോജ്വലമായ ഈ ജീവിതത്തിൽനിന്ന് വെളിച്ചം കിട്ടും.

## ജനനം

ഇത് തിരൂരങ്ങാടി. കാറ്റിനുപോലും അറിവിന്റെ മണമുള്ള പ്രദേശം. പല ഭാഗങ്ങളിലായി ഒട്ടേറെ പണ്ഡിതകുടുംബങ്ങൾ. മാനത്തേക്കുയർന്നു നിൽക്കുന്ന പഴയ ജുമുഅത്ത് പള്ളികൾ. നിലച്ചമട്ടിലൊഴുകുന്ന കടലുണ്ടിപ്പുഴ. വർഷത്തിൽ കലങ്ങിയും കലഹിച്ചും വരൾച്ചയിൽ ഏറെ ഉള്ളിലേക്കൊതുങ്ങിയും പുഴ ശാന്തമായൊഴുകി.ഈ പുഴയുടെ തീരത്താണ് സയ്യിദലവി തങ്ങ ളുടെ മഖ്ബറ. പിൽക്കാലത്ത് ശൈഖുനായുടെ ഏറ്റം ഇഷ്ടപ്പെട്ട സങ്കേതം. ഒരു പ്രദേശത്തിന്റെയും സമുദായത്തിന്റെയും മുഴു വൻ ചരിതങ്ങളും അകത്തൊതുക്കി ശാന്തിയുടെ തുരുത്തായി മഖാം നിൽക്കുന്നു.

പൈതൃകത്തിന്റെ മുദ്രകൾ നെഞ്ചിലേറ്റിയ, ചരിത്രങ്ങളുറ ങ്ങുന്ന തിരൂരങ്ങാടിയിൽ നമ്പിടിപ്പറമ്പത്ത് കുഞ്ഞി മുഹമ്മദി ന്റെയും പത്നി ഖദീജയുടെയും മകനായി 13/07/1935 ശൈഖുനാ കുണ്ടൂർ അബ്ദുൽ ഖാദിർ മുസ്‌ലിയാർ ജനിച്ചു.ഉമ്മയുടെ നാടാണ് തിരൂരങ്ങാടി.നാട്ടാചാരപ്രകാരം മാതൃ ഗൃഹത്തിൽ വെച്ചാണ് പ്രസവം നടന്നത്.അതൊരു യുഗപ്പിറവിയായിരിക്കുമെന്ന്, പക്ഷേ പലരും അറിഞ്ഞിരുന്നില്ല. ഉസ്താദ് വളർന്നതും തന്റെ അദ്ധ്യാ ത്മിക ലോകം കെട്ടിപ്പടുത്തതും സ്വന്തം നാടായ കുണ്ടൂരിൽ വെച്ചാണ്.

## കുണ്ടൂർ:
## ശൈഖുനയുടെ പോറ്റില്ലം

നമ്മൾ *തിഹാമ*യിലാണ്.- തിരുനബി (സ)യെ പ്രേമിച്ച മല ബാറിന്റെ ബൂസ്വൂരി, വന്ദ്യരായ കുണ്ടൂർ ഉസ്താദ് ഇടക്കിങ്ങിനെ പറഞ്ഞിട്ടുണ്ട്. നജ്ദിൽനിന്ന് താഴ്ന്നുകിടക്കുന്ന മക്കയടക്കമുള്ള പ്രദേശങ്ങളാണ് *തിഹാമഃ* എന്നറിയപ്പെടുന്നത്.

മലയാളത്തിൽ തിഹാമക്ക് കുണ്ടൂര് എന്നു മൊഴിമാറ്റം. കുണ്ടുള്ള ഊര്. അടക്കത്തിലും അനക്കത്തിലും ന-ബ്യൂസ)യെ നെഞ്ചിലേറ്റിയ മലയാളത്തിന്റെ താഹാമയിൽ ഉസ്താദ് വളർന്നു.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിന്റെ തൊട്ടുപടി ഞ്ഞാറ് സ്ഥിതിചെയ്യുന്ന നന്നമ്പ്ര പ ഞ്ചായത്തിലാണ് കുണ്ടൂർ. മൊത്തം പതിനൊന്നു ഭാഗങ്ങളാണ് ഈ പഞ്ചായത്തിൽ. മൂന്നിൽ രണ്ട് ഭാഗവും പാടശേഖരങ്ങൾ. തോടുകളും കുളങ്ങളും ഏറെ. പച്ചപ്പ്... മലയോരം...

അത്താണിയിൽ നിന്ന് തിരൂരങ്ങാടിയിലേക്ക് പോകുന്ന ചെമ്മൺപാത. രണ്ട് ഭാഗത്തും ഫലവൃക്ഷങ്ങൾ നിറഞ്ഞ തോട്ടങ്ങൾ, പട്ടപ്പുരകൾ, പള്ളിയാലുകളിലേക്കും പറമ്പുകളിലേക്കും നീളുന്ന ചെത്തേയികൾ. കുണ്ടൂർ ഗ്രാമത്തിപെട്ട പ്രധാനപ്പെട്ട ഭാവം ശാന്തതയാണ്. ഒച്ചയും ബഹളവുമില്ലാത്ത ഒരു പ്രശാന്ത ഗ്രാമം. ചെറിയ അങ്ങാടി. മൺകട്ടകളിൽ പണിത ആറോ ഏഴോ പീടികകൾ. റാന്തലിന്റെയും പാനീസിന്റെയും പ്രഭയിൽ സമാവറുകളിൽ ചായ പാരുന്ന ചെറിയ മക്കാനികൾ. ഗ്രാമത്തിന്റെ പ്രൗഢ നേതൃത്വം പോലെ തലയുയർത്തി നിൽക്കുന്ന പള്ളി. അങ്ങാടിയോട് തൊട്ടുചേർന്ന് ഖബർസ്ഥാൻ.

ഒരു ചെത്തേയിയാണ് നമ്പിടിപ്പറമ്പ്. ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പിന്റെ ഭാഗത്ത് വീട്. ശൈഖുന പിറന്നുവീഴുന്നത് ഈ വീട്ടിലാണ്. വളരെ ദരിദ്രവും ലളിതവുമായ ഒരു ജനനം. കാരണം സാമ്പത്തിക ഞെരുക്കം രൂക്ഷം, ചികിത്സാ സൗകര്യങ്ങൾ കമ്മി, അന്നത്തിന് പോലും അരിഷ്ടിക്കുന്ന അവസ്ഥ. മൺകട്ട കൊണ്ട് പണിത് ചെത്തിത്തേക്കാത്ത വീട്ടിൽ, പട്ടിണിയും പരിവട്ടവും ഉള്ളപ്പോൾ തന്നെ ഈമാനും ഇഖ്ലാസും കാത്തുസൂക്ഷിക്കുന്ന പഴംതലമുറ.

ഏറെ ചരിത്രങ്ങളൊന്നുമില്ല കുണ്ടൂർ ഗ്രാമത്തിന്.ശാലീനമായ നാട്ടിൻപ്രദേശം. വടക്ക് ചെറുമുക്ക്. തെക്ക് മണലിപ്പുഴ. പടിഞ്ഞാറ് കൊടിഞ്ഞി. കിഴക്ക് ചുള്ളിപ്പാറ ചരിത്രത്തിലേക്ക് പിൻനടന്നാൽ ഖിലാഫത്തിനുംമുമ്പ് ജന്മി കുടിയാന്മാർ ബന്ധങ്ങളിൽ തളിർക്കുകയും വാടുകയും ചെയ്തിരുന്ന ജീവിതങ്ങളിലും വയലേലകളിലും നാമെത്തും. മറ്റേതൊരു ഏറനാട്, വള്ളുവനാട്, ഗ്രാമം പോലെയും കൃഷിയോട് സന്ധി ചെയ്ത ജീവിതങ്ങൾ. നെല്ലും

മരച്ചീനിയും കമുങ്ങും... ഇടവിളയായി വെറ്റിലയും പയറും വളർത്തും. നീളെ വിയർത്തുനേടുന്ന അന്നം. പരാതികളില്ലാതെ സ്വച്ഛന്ദമൊഴുകുന്ന ആറു പോലെ ജീവിതങ്ങൾ ഒഴുകി. മനസ്സിന്റെ നിർമ്മലതയും പ്രകൃതിയുടെ പ്രശാന്തതയും കുണ്ടൂർ പ്രദേശത്തിന് അലൗകികമായൊരു സൗന്ദര്യം നേടിക്കൊടുത്തു.

സ്വാതന്ത്ര്യ സമര കാലത്തുതന്നെ ഇവിടം സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അധിനിവേശ വൈദേശികർക്കും ഭൂമാടമ്പികൾക്കുമെതിരെ വിപ്ലവം നയിച്ചവർ പിൻതലമുറയിൽ ഇവിടെ കഴിഞ്ഞുപോയിട്ടുണ്ട്. ആദരണീയനായ ആലി മുസ്‌ലിയാരുടെ വിശ്വസ്തസേവകനായിരുന്ന ചിറ്റമ്പലം കുഞ്ഞലവി, മറയക്കുളത്ത് അബ്ദുല്ലക്കുട്ടി മുതൽ നിരവധിപേർ കുണ്ടൂരുകാരാണ്.

കരളിൽ ഈമാനും ദേശസ്നേഹവും നിറച്ച കർഷകയുവാക്കൾ, നാട് കൊള്ളയടിക്കാൻ വന്നവർക്കെതിരെ പണ്ഡിത നേതൃത്വത്തിൻകീഴിൽ കർഷകയുവാക്കളെയും പൊതുജനങ്ങളെയും സംഘടിപ്പിക്കാൻ ഈ ചുണക്കുട്ടികൾക്ക് കഴിഞ്ഞു. കിടയറ്റ ആത്മബലവും നേതൃസിദ്ധിയും ഇവരെ സമരനായകരാക്കി. ഒരാധുനിക സൗകര്യവുമില്ലാതെ ഒരുഗ്രൻ സമാന്തര സൈന്യമുണ്ടാക്കാൻ മുന്നിട്ടിറങ്ങിയവരിൽ അബ്ദുല്ലക്കുട്ടിയും കുഞ്ഞലവിയുമുണ്ടായിരുന്നു. തീയാളുന്ന പഴയസ്മരണകളുമായി ഇന്നും തങ്ങളുടെ പിൻഗാമികൾ കുണ്ടൂരിന്റെ അതിരുകളിൽ ജീവിക്കുന്നുണ്ട്. മുപ്പത്തിയാറ് വയസ്സുകാരനായ കുഞ്ഞലവി ആലിമുസ്‌ലിയാരുടെ ഏറ്റവും വിശ്വസ്തനായ അഞ്ച് അംഗരക്ഷകരിലെ പ്രമുഖനായിരുന്നു.

ഒരുപാട് ആധുനികപണ്ഡിതപ്രമുഖരെ സൽകരിക്കാൻ ഈ പ്രദേശത്തിനു ഭാഗ്യം ലഭിച്ചിട്ടുണ്ട്. മഹാപണ്ഡിതനും സൂഫിയുമായിരുന്ന മുഹമ്മദ് മുസ്‌ലിയാർ (കറുത്ത മുഹമ്മദ് മുസ്‌ലിയാർ) അവരിൽ പ്രമുഖനാണ്. അറുപത് വർഷങ്ങൾക്കു മുമ്പാണ് മഹാനവർകൾ കുണ്ടൂരിലെത്തുന്നത്. വൈലത്തൂരിലാണ് അവരുടെ ജനനം. കണ്ണാഞ്ചേരി അലിഹസൻ ഹാജിയാണ് പിതാവ്. ആളുകളെ ഹഠാദാകർഷിക്കുന്ന പ്രഭാഷകനും ഒരുപാട് ആലിമീങ്ങളെ വാർത്തെടുത്ത മുദരിസും സൂഫിവര്യനും സാമൂഹ്യസേവകനുമായിരുന്നു അദ്ദേഹം. മലബാർ പ്രദേശത്തിനാകെ ഈമാനിക നേതൃത്വം വഹിച്ച മുഹമ്മദ് മുസ്‌ലിയാർ 1351 ലാണ് വഫാത്താകുന്നത്. കുണ്ടൂരിന്റെ വൈജ്ഞാനിക വളർച്ചക്ക് ആക്കംകൂട്ടിയ മഹാൻ ഏറെക്കാലം കുണ്ടൂർ ജുമുഅത്ത് പള്ളിയിൽ ദർസ് നടത്തുകയും പള്ളിയുടെ പുനരുദ്ധാരണപ്രവർത്തികൾക്ക് നേതൃത്വംകൊടുക്കുകയും ചെയതു.

## കുടുംബം

പ്രശസ്തമായ നമ്പിടിപ്പറമ്പ് കുടുംബമാണ് പിതാവിന്റേത്. 1400 വർഷങ്ങളോളം പഴക്കമുള്ള സച്ചരിതരായ മാലിക്ബ്നു ദീനാറിന്റെ കൂടെയുള്ളവരിലേക്ക് എത്തുന്നുണ്ട് ഇവരുടെ കുടുംബപരമ്പര. പ്രസിദ്ധ പണ്ഡിതനും ചരിത്രകാരനുമായ നെല്ലിക്കുത്ത് മുഹമ്മദലി മുസ്‌ലിയാരുടെ അഭിപ്രായത്തിൽ വ്യക്തമായ ചരിത്രപിന്തുണ ഇല്ലെങ്കിലും വലിയ സാധ്യത കാണുന്നുണ്ട്. കാരണം മലബാറിലെ പല മുസ്ലിം തറവാടുകളുടെയും നാമങ്ങൾ പലതും സൂചിപ്പിക്കുന്നതതാണ്. ഉദാഹരണമായി അകത്ത് എന്നവസാനം വരുന്ന പേരുകൾ, നാലകത്ത്, ഒറ്റകത്ത്, പുരക്കകത്ത് തുടങ്ങിയവ യമനീ പാരമ്പര്യമുള്ള തങ്ങന്മാരുടെ പിൻഗാമികളാണ്. മലബാറിന്റെ പല ഭാഗങ്ങളിലും നമ്പിടിപ്പറമ്പത്ത് എന്ന തറവാട്ടുഭാഗങ്ങൾ

കാണപ്പെടുന്നതുകൊണ്ടുതന്നെ വളരെ പുരാതനമായിരിക്കണം ഈ തറവാട് എന്നൂഹിക്കാം.

മാത്രമല്ല, മാലികുബ്നു ദീനാറിന്റെ കൂടെയുണ്ടായിരുന്ന മാലികുബ്നു ഹബീബിന്റെ പരമ്പരയാണ് കേരളത്തിലുള്ളത്. ഏറെ നാളത്തെ പ്രബോധനങ്ങൾക്കും പത്തോളം പള്ളികളുടെ നിർമ്മാണത്തിനും ശേഷം മാലികുബ്നു ദീനാർ തിരിച്ചുപോവുകയും ഖുറാസാനിൽവെച്ച് മരിക്കുകയും ചെയ്തിരുന്നു. ഇവരുടെ കുടുംബങ്ങൾ കൊല്ലം, കൊയിലാണ്ടി ഭാഗങ്ങളിലായിരുന്നു താമസിച്ചിരുന്നത്.

എന്നാൽ മാലികുബ്നു ഹബീബിന് 9 ആൺമക്കളും 5 പെൺമക്കളുമായിരുന്നു. 9 ആൺമക്കളും സ്വഹാബിമാരാണ്. മാലികുബ്നു ഹബീബിന്റെ മകൻ സൈനുദ്ദീൻ എന്നവർക്ക് രണ്ട് മക്കളായിരുന്നു. ഹബീബ്, മുഹമ്മദ്.ഹബീബാണ് തിരൂരങ്ങാടി പള്ളിയുണ്ടാക്കിയത്. മുഹമ്മദ് ചാലിയം പള്ളിയും. ഇവരുടെയെല്ലാം കുടുംബങ്ങൾ കേരളത്തിലങ്ങോളം ചിതറിക്കിടക്കുന്നു. തന്റെ വല്ല്യുപ്പ ആലി മു സ്‌ലിയാരുടെ 14ാമത്തെ പിതാമഹനായി മാലിക്ബ്നു ഹബീബ് വരുന്നതായി നെല്ലിക്കുത്ത് മുഹമ്മദലി മുസ്‌ലിയാർ പറഞ്ഞു.ഹിജ്റ 24 ലാണ് മാലികുബ്നു ഹബീബ് വഫാതാകുന്നത്. എ.ആർ നഗർ, കുളപ്പുറം, നെല്ലിക്കുത്ത്, വേങ്ങര, കുറ്റൂർ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം വേരുകളുള്ളതും മമ്പുറം സയ്യിദ് അലവി തങ്ങളിലേക്ക് എത്തുന്നതുമായ വലിയാക്കത്തൊടി കുടുംബം മാലികുബ്നു ഹബീബിലേക്കെത്തുന്നുണ്ട്.

നമ്പിടിപ്പറമ്പ് കുടുംബം, ഉസ്താദിന്റെ അഞ്ചോ ആറോ തലമുറകൾക്ക് മുമ്പ് വളപട്ടണത്തുനിന്ന് മതപ്രബോധനത്തിനും

വിജ്ഞാന സേവനത്തിനുമായി തിരൂരങ്ങാടിയിലേക്കെത്തിയവരാണെന്നാണ് കരുതപ്പെടുന്നത്.

## പിതൃ പരമ്പര

പണ്ഡിതന്മാരും അല്ലാത്തവരും ഒരുപോലെ വാണ തറവാടാണിത്. അഞ്ചു പിതാക്കന്മാരുടെ വരെ പേരുകൾ അറിയപ്പെട്ടിട്ടുണ്ട്. കുഞ്ഞഹമ്മദ്, അഹമ്മദ് മൊല്ല, മുഹ്‌യിദ്ദീൻ, അഹമ്മദ്, മൂസാ... ഉസ്താദിന്റെ എളാപ്പ ഇബ്രാഹിംഹാജിയുടെ സ്മരണയിൽ കുഞ്ഞാമു പാപ്പ എന്നൊരാൾകൂടിയുണ്ട്. എല്ലാവരും വലിയ മതഭക്തരും ചിലരെങ്കിലും വലിയദീനീപണ്ഡിതരുമായിരുന്നു. വല്ലിപ്പ അഹ്മദ് മൊല്ല വലിയ ഖുർആൻ പണ്ഡിതനും ഗ്രാമത്തിന്റെ ഹൃദയങ്ങളിൽ ഖുർആൻ ദീപംകൊളുത്തിവെച്ചവരുമായിരുന്നു.

ഓത്തുപള്ളികളുടെയും മുമ്പുള്ള കാലം. ഗ്രാമങ്ങളിൽ വിജ്ഞാനത്തിനാശ്രയം ഇതുപോലെയുള്ള മൊല്ലമാരാണ്. അറിവും തഖ്‌വയും വിനയവും മേളിച്ച മഹാത്യാഗികൾ, ഭൂതകാലത്തിന്റെ നന്മകൾ വർത്തമാനത്തിലൂടെ ഭാവിയിലേക്ക് പരാഗണം ചെയ്യുന്ന ഉജ്ജ്വലത്യാഗം സ്വയമേറ്റവർ. ഗ്രാമങ്ങളുടെ അത്താണികളാണിവർ. ജ്ഞാനത്തിലും സാമൂഹികവിഷയങ്ങളിലും കുടുംബവിഷയങ്ങളിലുമെല്ലാം ജ്ഞാനത്തിനാർത്തികൂടുന്ന മനസ്സുകളിലേക്ക് ഖുർആനിക ആ നിത്യപിയൂഷം അവർ പകർത്തി.

പണം അവർക്ക് വിഷയമായിരുന്നില്ല. റമളാനിലും ഓത്തിന്റെ ഇടവേളകളിലും കുട്ടികൾ നൽകുന്ന നാണയത്തുട്ടുകൾ, ആളുകൾ ഹദ്‌യ നൽകുന്ന ധാന്യമണികൾ, വിളകൾ... ഇതൊക്കെയായിരുന്നു ആകെ വരവ്. പക്ഷെ കേവലഭൗതികത അവരെ ഖുർആൻ പഠനങ്ങളിൽനിന്ന് പിന്തിരിപ്പിച്ചില്ല. ഏറെ പ്രശ

സ്തനായിരുന്ന മൊയ്തീൻഹാജിയുടെ മകനായിരുന്നു മുഹമ്മദ് മൊല്ല. വലിയ സൂക്ഷ്മതയും ഭക്തിയും പുലർത്തുകയും ഖുർ ആനിനസുരിച്ച് സ്വന്തം കുടുംബത്തെ വളർത്താൻ യത്നിക്കു കയും ചെയ്തു. പന്താരങ്ങാടിയിലെ ഇയ്യാച്ചക്കുട്ടി എന്നവരെയാണ് അഹ്മദ്മൊല്ല വിവാഹം കഴിച്ചത്. തഖ്‌വയും ദീനീനിഷ്ഠയും പുലർന്ന ആ ബന്ധത്തിൽ ആകെ ഏഴു കുട്ടികളാണുണ്ടായിരു ന്നത്. 4 ആണും 3 പെണ്ണും. ഉസ്താദിന്റെ പിതാവായ കുഞ്ഞഹ മ്മദാണ് മൂത്തആൾ. തൊട്ടുതാഴെ 3 പെൺകുട്ടികളാണ്. അഞ്ചാ മത്തെ ആൾ ഇപ്പോൾ കുണ്ടൂർ യതീം ഖാനക്ക് സമീപം താമസി ക്കുന്ന 90 നടുത്ത് പ്രായമുള്ള അലവിഹാജിയാണ്. ശേഷം കുണ്ടൂർ തന്നെ താമസിക്കുന്ന 83കാരനായ ഇബ്രാഹിംഹാജിയും. വയസ്സായെങ്കിലും ഉസ്താദിന്റെ എളാപ്പ ഇബ്രാഹിംഹാജിക്ക് കുടും ബത്തെക്കുറിച്ചെല്ലാം വ്യക്തമായ ഓർമ്മയുണ്ട്. ശാന്തമായ തങ്ങ ളുടെ കുടുംബജീവിതത്തെക്കുറിച്ച് ജീവിതത്തിലങ്ങോളമിങ്ങോളം തങ്ങളുടെ മാതാപിതാക്കൾ പുലർത്തിയ സൂക്ഷ്മതയെക്കുറിച്ച് ഇബ്രാഹിംഹാജി മനസ്സുതുറന്നു. വലിയ ഭക്തരായിരുന്നു ഉമ്മയും ഉപ്പയും. മക്കളെ ഹലാലായ ഭക്ഷണം നൽകി മാത്രം പോറ്റണമെന്ന് നിർബന്ധമുള്ളവർ. എന്റെ ചെറുപ്പത്തിലേ വാപ്പ മരിച്ചിരുന്നു. വലിയ സ്വാലിഹത്തും സൂഫിയത്തുമായിരുന്നു ഉമ്മ. അനാവശ്യ മായ ഒരു വാക്കുപോലും വായിൽനിന്നു വരില്ല. ഉപ്പ മരിച്ചപ്പോൾ പോലും അലറിക്കരയാതെ ഖുർആൻ ഓതിയിരിക്കുന്ന... സഹന ത്തിന്റെ പ്രതീകമായിരുന്ന ഉമ്മയുടെ ചിത്രം ഇപ്പോഴും മനസ്സിലു ണ്ട്. വാപ്പ മരിച്ച ശേഷം ഉമ്മാനെ കക്കാട്ടിലേക്ക് കെട്ടിച്ചു. ആ ബന്ധത്തിലും രണ്ട് മക്കളുണ്ട്.

ശൈഖുനായുടെ പിതാവ് കുഞ്ഞഹമ്മദ് എന്നവർ വിശു ദ്ധമായ ഒരു വ്യക്തിത്വം കാത്തുസൂക്ഷിച്ചതം കുടുംബത്തിന്റെ

പണ്ഡിതപൈതൃകം ജനിതകപരമായി പകർന്നുലഭിച്ച സംസ്കാരവും മൂലം കുറച്ചുകാലം വിജ്ഞാനസേവനവുമായി അദ്ദേഹം കഴിച്ചുകൂട്ടി.

ഇടക്കാണ് ഒരു ചെറിയ വയറുവേദന. ഉസ്താദ് ജനിച്ചിട്ടേയുള്ളൂ. വയസ്സ് രണ്ടോ രണ്ടരയോ.. വേദന കൂടിക്കൂടി വന്നു. അവസാനം പടച്ചവന്റെ അലംഘനീയ വിധി സ്വീകരിച്ച് ആ ആത്മാവ് പരലോകത്തേക്ക് യാത്രയായി.

കേവലം രണ്ടര വയസ്സിലാണ് പിതാവ് മരിക്കുന്നത്. ജീവിതത്തിന്റെ പൂമുഖത്ത് വെച്ചേ അനാഥത്വമാണ് ശൈഖുനാക്ക് കിട്ടിയത്. പൂർവ്വസൂരികളായ പല പ്രതിഭകളെയും പോലെ ആരംബ റസൂലിന്റെ അതേ മാതൃകയിൽ അനാഥത്വത്തിന്റെ ചെഞ്ചൂളയിൽ വാർത്ത ബാല്യം, കയ്പും കണ്ണീരും കടുത്ത അനുഭവങ്ങളും നിറഞ്ഞതുതന്നെയായിരുന്നു.

## മാതൃ കുടുംബം

മാതാവിന്റെ കുടുംബം പ്രതാപികളുടേതായിരുന്നു. ചെനക്കൽ. തിരുരങ്ങാടിയിലെ അറിയപ്പെട്ട പണ്ഡിതകുടുംബമാണ്. പുഴക്കകത്ത് എന്നതായിരുന്നു കുടുംബത്തിന്റെ യഥാർത്ഥ പേര്. പ്രപിതാമഹൻ ഹസ്സൻ മുസ്‌ലിയാർ തിരൂരങ്ങാടി ചെനക്കൽ പള്ളിയിൽ സ്ഥിരമായി കൂടാറുണ്ടായിരുന്നു. ഭക്തിയുടെ നിറകുടമായിരുന്ന താൻ തന്നെ നിർമ്മാണത്തിന് മേൽനോട്ടംവഹിച്ച അദ്ദേഹം പള്ളിയിൽ ആരാധനാനിഷ്ഠകളുമായി ഏറെനേരം ചിലവഴിക്കും. അതുകൊണ്ടാണ് കുടുംബത്തിന് ചെനക്കൽ എന്നു പേരുകിട്ടിയതെന്നാണ് ഉസ്താദിന്റെ അമ്മാവന്റെ മകൻ, ഇപ്പോൾ തിരൂരങ്ങാ

ടിയിൽ താമസിക്കുന്ന മുഹമ്മദ് മുസ്ലിയാർ പറയുന്നത്. തങ്ങളുടെ കുടുംബത്തെക്കുറിച്ചും പൂർവ്വപിതാക്കളുടെ നന്മകളെക്കുറിച്ചും മുഹമ്മദ് മുസ്ലിയാർ ഏറെ നേരം സംസാരിച്ചു. ഹസ്സൻ മുസ്ലിയാരുടെ പിതാവിന്റെ പേര് ഉക്കാശ എന്നായിരുന്നു.

ഹസ്സൻ മുസ്ലിയാർക്ക് രണ്ട് മക്കൾ. അബ്ദുല്ലയും മുഹമ്മദ് മുമുസ്ലിയാരും. (വെളുത്ത മുഹമ്മദ് മുസ്ലിയാർ) ജ്യേഷ്ഠനായ മുഹ മ്മദ് മുസ്ലിയാർക്ക് രണ്ട് കുട്ടികളാണുണ്ടായിരുന്നത്. മറിയയും ഉസ്താദിന്റെ ഉമ്മ ഖദീജയും. ഹസ്സൻമുസ്ലിയാാർ വലിയ പണ്ഡി തനും എഴുത്തുകാരനുമായിരുന്നു. ആത്മീയ പുരുഷന്മാരുമാ യുള്ള അഗാധബന്ധവും വിശുദ്ധപരമ്പരയിലെ ആത്മീയാംഗ ത്വവും അദ്ദേഹത്തെ ഏറെ വ്യത്യസ്തനാക്കി. അല്ലഫൽ അലി ഫിന് വ്യാഖ്യാനം നിർമ്മിക്കുകയും ഏറെ ത്വരീഖത്തുകളുടെ ശൈഖ് പദവി നേടുകയും ചെയ്ത താനൂർ അബ്ദുറഹ്മാൻ ശൈഖിന്റെ മുരീദായിരുന്നു അദ്ദേഹം. പാലത്തിങ്കര ശൈഖും അവരുടെ ആത്മീയഗുരുവായിരുന്നു.

പിൽക്കാലത്ത് ആത്മീയ ഗുരുവര്യനായിത്തീർന്ന ചാപ്പന ങ്ങാടി ബാപ്പു മുസ്ലിയാരുടെ പിതാവ് വെള്ളാങ്ങൽ ഹസ്സൻമു സ്ലിയാരുടെയും ആത്മീയനായകനായിരുന്നു താനൂർ അബ്ദുറ ഹ്മാൻ ശൈഖ്. 25-ഓളം ഗ്രന്ഥങ്ങളുടെ രചയിതാവും അറബി സാഹിത്യകാരനുമായിരുന്ന ഹസ്സൻ മുസ്ലിയാർ മമ്പാട്, ക്ലാരിഎന്നി വിടങ്ങളിൽ ദർസ് നടത്തിയിട്ടുണ്ട്. തന്റെ പിതാവ് മുഹമ്മദ് എന്ന വരുടെ പേര് തന്നെയാണ് തന്റെ മകൻ ബാപ്പു മുസ്ലിയാർക്കും ഹസ്സൻ മുസ്ലിയാർ ഇട്ടത്. ഹിജ്റ 1339ൽ (1922) ആണ് (ബാപ്പു മുസ്ലിയാ
രുടെ രണ്ടാം വയസ്സിൽ) പിതാവ് മരിക്കുന്നത്. ശേഷം ശൈഖു

നായുടെ ബാല്യവുമായി ബാപ്പു ഉസ്താദിന്റെ ബാല്യത്തിലുള്ള സാദൃശ്യം ശ്രദ്ധേയമാണ്.

അദ്ദേഹം പ്രായമാകുംമുമ്പുതന്നെ വഫാത്തായതായി പിൻതലമുറ ഓർക്കുന്നു. തന്റെ മക്കളായ മുഹമ്മദ് മുസ്ലിയാരെയും അബദുല്ല മുസ്ലിയാരെയും മഹാപണ്ഡിതനായ കമ്മു മുസ്ലിയാരുടെയടുത്താണ് പഠനത്തിനായി ഹസ്സൻ മുസ്ലിയാർ അയച്ചത്. അഗാധ ബുദ്ധിശാലികളായിരുന്നു രണ്ടുപേരും. വിശേഷിച്ചും മുഹമ്മദ് മുസ്ലിയാർക്ക് ഉറക്കം കുറവായിരുന്നു. രണ്ടാം ദർസിലെല്ലാം ഏറെ നേരം ഇരുന്ന് കിതാബോതി തഹ്ഖീഖാക്കും. പ്രാധമിക പാഠങ്ങൾ ആഴമറിഞ്ഞ് പഠിച്ച് അൽഫിയ്യ വരെ ആ വിജ്ഞാന സങ്കേതത്തിൽ തന്നെ അവർ പഠിച്ചു. ധാരാളം അത്ഭുതസംഭവങ്ങൾ അവരിൽനിന്ന് ദൃശ്യമായിരുന്നു.

ദർസിൽ പഠിക്കുന്ന കാലം. രണ്ടുപേരും ഉണ്ട്. ഒരാളുടെ മയ്യിത്ത് കൊണ്ടുവരുന്നുണ്ട്. പാമ്പുകടിയേറ്റ് മരിച്ചതാണ്. ഇറക്കിക്കാണിക്കൂ എന്നായി ഇവർ. കാണിച്ചുകൊടുത്തു. തലക്കടത്തൂർ ദർസിൽ പഠിക്കുമ്പോഴാണ് സംഭവം. പൊന്മുണ്ടത്തെത്തും മുമ്പ് ആളെഴുന്നേറ്റുനടന്നു.

മുഹമ്മദ് മുസ്ലിയാരുടെ ആദ്യഭാര്യ പുഴക്കാട്ട് ഖാളിയുടെ മകൾ കദിയുമ്മ എന്നവരായിരുന്നു. ഈ ബന്ധത്തിൽ ഉമ്മക്ക് പുറമെ കിത്തി എന്ന ഒരു ജ്യേഷ്ഠസഹോദരികൂടി ഉണ്ടായി. രണ്ടാമത്തെ ഭാര്യ ആയിശ എന്നവരിലാണ് മറിയാത്ത ഉണ്ടായത്. മറിയാത്ത ഇപ്പോഴും തിരൂരങ്ങാടിയിൽ ജീവിച്ചിരിപ്പുണ്ട്.

1962കളിൽ വല്ല്യുപ്പ ഹസ്സൻ മുസ്ലിയാരുടെ അടുത്ത് കോഴിച്ചെനയിൽ ഓതിയിരുന്ന കാലം ഓർത്തുവെക്കുന്നുണ്ട് മുഹമ്മദ്

മുസ്‌ലിയാർ. അന്ന് ശൈഖുനാ ക്ലാരിയിലാണ്. വല്ല്യുപ്പ തനിക്ക് കോൾ തന്നിരുന്നു. അസ്മാഉൽ ഹുസ്നായുടെ ഇജാസത്ത്. കിതാബിന്റെ മുകളിൽ ഇജാസത്തുൽ മുത്വലഖ്വത് എന്നെഴുതിയിട്ടുണ്ട്. തഹ്ഖീഖാതുകളാൽ സമ്പന്നമായ ഫത്ഹുൽമുഈൻ ഏറ്റവും വലിയ ഒരു നിധികണക്കെ അമ്മാവന്റെ മകൻ മുഹമ്മദ് മുസ്‌ലിയാർ ഇപ്പോഴും സൂക്ഷിക്കുന്നു.

# ബാല്യം

മലബാറിലെ ഏതൊരു പണ്ഡിതകുടുംബത്തെയുംപോലെ തന്നെ ശൈഖുനാക്കും ആദ്യാക്ഷരങ്ങളും പ്രാഥമിക പാഠങ്ങളും കിട്ടിയത് വിശുദ്ധിയുടെ വിളനിലങ്ങളായിരുന്ന സ്വന്തം രക്ഷിതാക്കളിൽനിന്നുതന്നെയായിരുന്നു. അതൊരു വേറിട്ട നന്മയാണ്. രക്തത്തിലൂം ജീനിലും ആത്മാവിലും അലിയുന്ന അറിവിന്റെ രേണുക്കൾ ആത്മവിശുദ്ധിയും നിഷ്കളങ്കതയും ചാലിച്ചു പകർന്നു നൽകുമ്പോഴാണ് പണ്ഡിതകുടുംബങ്ങളുടെ പ്രതാപം പരമ്പര മുറിയാതെ നീളുന്നത്. അറിവിന്റെ ആദ്യാക്ഷരങ്ങൾ നന്മ നീലിച്ച ഉപ്പയും ഉമ്മയും നാവിൽകൊളുത്തുന്നത് വല്ലാത്തൊരനുഭവമാണ്. ശൈഖുനാ ആദ്യപാഠം നേടുന്നത് ഉമ്മയിൽനിന്നുതന്നെയാണ്. ഗൗസുൽ അഅ്ളമിന്റെ പിൻഗാമിയാകണം തന്റെ മോൻ എന്ന ആഗ്രഹം മൂലം ജനനത്തിനുമുമ്പേ അബ്ദുൽഖാദർ എന്ന പേര് ശൈഖുനാക്ക് നൽകിയ പിതാവ്, ഭക്തിയുടെ നിറകുടമായ മാതാവ് ആ മോഹസാക്ഷാത്കാരത്തിനെന്നോണം ഖുർആനും അറിവും ആ മനസ്സിൽ മുളപ്പിച്ചു. എളാപ്പ ഇബ്രാഹിം ഹാജി ഓർക്കുന്നുണ്ട്..ഉമ്മയുടെ ശിക്ഷണവും പ്രാർത്ഥനയുമാണ് മൊയ്‌ല്യാർക്ക് മഹത്വം നേടിക്കൊടുത്തത്. വ്യത്യസ്ത വ്യക്തിത്വത്തിനുടമയാക്കിയത്. പിതാവിന്റെ മരണശേഷം തിരൂരങ്ങാടിയിലേക്ക് പോന്ന

ശൈഖുനായുടെ വേറിട്ട വ്യക്തിത്വം കണ്ട് മാതാമഹൻ വെളുത്ത മുഹമ്മദ് മുസ്‌ലിയാർ പറഞ്ഞിരുന്നത്രേ: ഈ കുട്ടിയെ നന്നായി വളർത്തണം. നല്ല ലക്ഷണം കാണുന്നുണ്ട്.

ശൈഖുനായുടെ ഉപ്പയുടെ മരണശേഷം ഉമ്മയെ തിരുരങ്ങാടിയിലുള്ള മൊയ്തീൻകുട്ടി എന്നവർ വിവാഹംകഴിച്ചു. അന്തമാനിൽ കച്ചവടമായിരുന്നു അദ്ദേഹത്തിന്. രണ്ട് മക്കളാണ് ഈ ബന്ധത്തിലുണ്ടായത്. മുഹമ്മദ് ഹാജിയും പരേതയായ നഫീസയും. ശേഷം ഉസ്താദിന്റെ തന്നെ പ്രേരണയാൽ രണ്ടാനുപ്പ മൊയ്തീൻകുട്ടി എന്നവർ അന്തമാനിൽനിന്ന് തിരിച്ചുവരികയാണുണ്ടായത്.

ഓത്തുപള്ളിക്കൂടത്തിൽ പോകുന്നതുവരെ വീടും പരിസരവും നൽകിയ നൈർമ്മല്യവും അതേസമയം പിഞ്ചുമാനസം വേദനിപ്പിച്ച പിതാവിന്റെ വിയോഗവും ശൈഖുനായുടെ ഭാവിയെ നിർമ്മിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ശോഭനമായ ആ കാലഘട്ടത്തെക്കുറിച്ച്, വീട്ടിലും കുടുംബത്തിലും അന്ന് പുലർത്തിയിരുന്ന സൂക്ഷ്മതയെയും ഭക്തിയെയും കുറിച്ച് ഓർത്തെടുക്കുന്നുണ്ട് ഉസ്താദിന്റെ മാതൃസഹോദരി മറിയാത്ത. ഉസ്താദിന്റെ ഉമ്മയൊത്ത സഹോദരൻ (11 വയസ്സ് താഴെ) പലചരക്കു കടച്ചവടക്കാരനായ മുഹമ്മദ്ഹാജിയുടെ അടുത്ത് തിരൂരങ്ങാടിയിലാണ്ഇവർ താമസിക്കുന്നത്. ഉസ്താദിന്റെ ഉമ്മയുടെ പിതാവ് മുഹമ്മദ് മുസ്‌ലിയാർക്ക് രണ്ടാമത്തെ ഭാര്യ ആയിശ എന്നവരിലാണ് മറിയാത്ത ഉണ്ടായത്.

കുട്ടിയായിരിക്കുമ്പഴേ ഞങ്ങളുടെ കൂടെ കളിക്കാനൊന്നും

കൂടില്ല. കടുത്ത ഒരു വാക്കുപോലും ആ വായിൽനിന്ന് പുറത്തു വരുന്നത് കേട്ടിട്ടില്ല. വായ തുറന്നാൽ സ്വർഗത്തിലാക്കട്ടെ എന്നൊരു പ്രാർത്ഥനയാണ് എപ്പോഴും വരാറ്. അവരുടെ ഉമ്മായുടെയും ശീലം അങ്ങനെത്തന്നെയായിരുന്നു.അഞ്ചാം വയസ്സിൽതന്നെ കാണപ്പെട്ട ഈ ഭയഭക്തി മൂലം താനെപ്പോഴും കളിയെന്നോണം പാടാറുണ്ടായിരുന്നു.

ഖാദിറൊലീയുല്ലാഹ്
വലീഖുതുബുല്ലാഹ്

അന്നേ ഞാനും ഖദീജയും അവരും കൂടി നിസ്കരിക്കാറുണ്ട്. എന്റെ ഉമ്മാന്റെ മുലകുടിച്ചിട്ടുണ്ട് അവർ. ഞങ്ങളെല്ലാവരും കൂടി പോയി ചിനയിൽനിന്ന് വുളുവെടുക്കും. ഒന്നിച്ച് മീൻ വാങ്ങാനും അങ്ങാടിയിലേക്കുമെല്ലാം പോകും. പോകുമ്പോഴും വരുമ്പോഴുമെല്ലാം ബഹുചിട്ടയാണ്. ഒരു വർത്തമാനവും പാടില്ല. ഇഖ്ലാസ് സൂറത്തോ ഫാതിഹയോ സ്വലാത്തോ ചൊല്ലണം. പത്താം വയസ്സിൽ കിതാബോതാൻ പോകുന്നതുവരെ ബാല്യകാലസഖികളായി തുടർന്ന നിർമ്മലമായ ആ ജീവിതം. നന്മ മാത്രം പകർന്ന ആ ജീവിതം അന്നേ വെണ്മയേറിയ ഒരു ഭാവി പ്രവചിക്കാൻ തക്കതായിരുന്നു. നിഷ്കളങ്കമായ കുസൃതികൾ. ഇടക്ക് ചോദിക്കാറുണ്ട്.